(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി/പി.1/1945/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

ഇ-മെയിൽ - www.lfa.kerala.gov.in

ഫോൺ – 0495-2371012

തീയതി-05.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മടവൂർ ഗ്രാമ പഞ്ചായത്ത്

സർ

വിഷയം : മടവൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെ യും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി/പി.1/1945/2016 തീയതി – 05.11.2016

# കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.കെ.സതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.10.2016 മുതൽ 22.10.2016 | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മോഹനൻ കുരുന്നം മനയ്ക്കൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.ധീരജ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ധന്യ.കെ | ഓഡിറ്റർ |
| | ഷൈജു.സി | ഓഡിറ്റർ |

ബി.) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബുഷ്റ പൂല്ലോട്ടുമ്മൽ | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീ.വി.സി അബ്ദുൾ മജീദ് | 19.11.2015 മുതൽ 01.03.2016 വരെ |
| സെക്രട്ടറി | ശ്രീ. സുലൈമാൻ.ഒ | 01.04.2015 മുതൽ 22.06.2016 വരെ |
| | ശ്രീ.അബ്ദുള്ള.ടി. | 23.06.2016 മുതൽ 06.10.2015 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| അബ്ദുൾ ഖാദർ.ടി.പി | ഹെഡ്മാസ്റ്റർ |
| ശ്രീലത എൻ.എസ് | എൽ.വി.ഒ.ഇ |
| ഡോ.ഹൈറുന്നീസ.എൻ.കെ | മെഡിക്കൽ ഒഫീസർ ആയുർവ്വേദം |
| ഡോ. പ്രിൻസി | വെറ്ററിനറി സർജൻ |
| ഡോ. ഉഷാദേവി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| ഡോ. രജീഷ്.പി | ഹോമിയോ മെഡിക്കൽ ഓഫീസർ |

| | |
|---|---|
| രാധാകൃഷ്ണൻ.എ.പി | അസി.സെക്രട്ടറി |
| ഷബീർ അഹമ്മദ്.കെ.എ | കൃഷി ഓഫീസർ |
| എം.സുധാകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| രേഖ.പി ആനന്ദ് | അസി.എഞ്ചിനീയർ |
| രമേഷ് എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

## ഉള്ളടക്കം


| ക്രമ. നമ്പർ | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം - I | | |
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യ പത്രിക | 1(2) |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിശദാംശം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | കേഷ് വെരിഫിക്കേഷൻ | 1(9) |
| ഭാഗം - II | | |
| 10 | അക്ഷയ സെന്ററിൽ തൊഴിൽ നികുതി, സ്ഥാപന നികുതി | 2(1) |
| 11 | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ ഇല്ല | 2(2) |
| 12 | തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത | 2(3) |
| 13 | ഡി & ഒ അപേക്ഷ | 2(4) |
| ഭാഗം - III | | |
| 14 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രം തയ്യാറാക്കൽ സംബന്ധിച്ച് | 3(1) |
| 15 | മരാമത്ത് പ്രവൃത്തി - പദ്ധതി പണം ലാപ്സാവുന്നത് | 3(2) |
| 16 | നടപ്പാത നിർമ്മാണത്തിന് മെയിന്റനൻസ് (റോഡ്) ഫണ്ട് ഉപയോഗിച്ചു | 3(3) |

| | | |
|---|---|---|
| 17 | സ്കൂൾ കുട്ടികളുടെ പഠനനിലവാരം ഉയർത്തൽ - പ്രൊജക്ട് നടപ്പാക്കിയതിൽ അപാകത | 3(4) |
| 18 | ടെണ്ടർ/ക്വട്ടേഷൻ ഇല്ലാതെ മരുന്ന് വാങ്ങൽ | 3(5) |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - അപാകത | 3(6) |
| 20 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) പദ്ധതി നടത്തിപ്പിലെ അപാകത | 3(7) |
| 21 | ഭക്ഷ്യ മിശ്രിതം പൂർണ്ണമായി സ്റ്റോക്കിലെടുത്തില്ല | 3(8) |
| 22 | തെങ്ങിന് ജൈവ വളം - വളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തിയില്ല | 3(9) |
| 23 | ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ഇല്ല | 3(10) |
| 24 | യുനാനി മരുന്ന് - സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമല്ല | 3(11) |
| 25 | റോഡ് പ്രവൃത്തി - ഐ.ആർ.സി.സ്പെസിഫിക്കേഷൻ പാലിക്കാത്തത് | 3(12) |
| 26 | സേവാഗ്രാം പദ്ധതി - വിനിയോഗ വിവരം ഇല്ല | 3(13) |
| 27 | ഐ.എ.വൈ പദ്ധതി - വിനിയോഗ വിവരം ഇല്ല | 3(14) |
| ഭാഗം - IV | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 29 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4(5) |
| 33 | ഓഡിറ്റ് റിക്കവറി | 4(6) |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 36 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| നം.34/15 തീയ്യതി 28.3.15 | നം. 73/16 തീയ്യതി 10.3.16 |

ഗ്രാമ പഞ്ചായത്തന്റെ 2015-16 വർഷത്തെക്കുള്ള ബജറ്റ് പ്രകാരം 116500000/- പ്രതീക്ഷിതവരവും 118720000/- പ്രതീക്ഷിതചെലവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. റവന്യൂ വരവ് 8800000/- രൂപയാണ്. ഇതിൽ നികുതി വരവ് 5500000/- രൂപയും നികുതിയേതര വരവ് 33,00000/- രൂപയുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ പലതും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നവയല്ല. ഉദാഹരണത്തിന് റവന്യൂ വരവിലെ പ്രധാന ഇനമായ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ബജറ്റ് പ്രകാരം പ്രതീക്ഷിക്കുന്നത് യഥാക്രമം 3500000/- രൂപയും 18,00000/- രൂപയുമാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം ഈയിനങ്ങളിലെ ഡിമാന്റ് 18,42,430/-, 80,5010/- എന്നിങ്ങനെയാണ്. കുടിശ്ശികയുൾപ്പെടെ ഈയിനങ്ങളിലെ യഥാർത്ഥ വരവ് വസ്തുനികുതി - 1593455/- രൂപയും തൊഴിൽ നികുതി 783460/- രൂപയുമാണ്. പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ സാമ്പത്തിക നില പരിഗണിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തൻ വർഷത്തെ പുതുക്കിയ ബജറ്റ് 10.3.16 ലെ 73/16 നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 38141110/- പ്രതീക്ഷിത വരവും 51732622/- രൂ. പ്രതീക്ഷിതചെലവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 20.7.2016 |

## 1-3 വാർഷിക ധനകാര്യ പത്രികപരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യപത്രികൾ പരിശോധിച്ചതിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം I ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1. വസ്തുനികുതി തൻവർഷ ഡിമാന്റ് / കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ധനകാര്യപത്രികയിൽ ഈയിനത്തിൽ രേഖപ്പെടുത്തിയ ഡിമാന്റ്, വരവ്, കുടിശ്ശിക തുകകളുടെ കൃത്യത വ്യക്തമല്ല.

2. തൊഴിൽ നികുതി കുടിശ്ശിക ഇനത്തിൽ ബി.15 ഷെഡ്യൂൾ പ്രകാരം 300 രൂ. കാണുന്നു. എന്നാൽ തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3.ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരം ആസ്തികളുടെ മൂല്യം 32261121/- രൂപയാണ്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തത് പ്രകാരമുള്ള ആസ്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ നാളിതുവരെ സൃഷ്ടിക്കപ്പെട്ട എല്ലാ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ഉറപ്പുവരുത്താനായിട്ടില്ല.

4. നിർവ്വഹണോദ്യോഗസ്ഥർ പ്രൊജക്ടുകൾ പ്രകാരമുള്ള അടവാക്കിയ വാറ്റ്, ആദായനികുതി, നിർമ്മാണക്ഷേമനിധി എന്നിവ അക്കൗണ്ട് ചെയ്തിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ്രകാരം)

മുൻബാക്കി : 18767299/-

വരവ് : 32939102/-

ആകെ : 51706401/-

ചെലവ് : 45790076/-

നീക്കിബാക്കി : 5916325/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2827534 | 4658360<br>TC 2927098<br>7585458 | 10412992 | 10412992 | (+) 2927098 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 2925558 | 2920688 | 5846346 | 4253153 | (-) 1593093 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 7000 | 7000 | 7000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 588729 | 2945486<br>TC<br>218797<br>3164283 | 3753012 | 3753012 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1219220 | 1777585 | 2996805 | 2778008 | 218797 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1117717 | 3429233 | 4546950 | 4378443 | (-) 168507 | 0 |
| ലോക ബാങ്ക് സഹായം | 2898421 | 1161926 | 4060347 | 2894849 | (-)1165498 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 243 | 183 | 14 | 60 | 75% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 22 | 17 | 7396525 | 2812988 | 38% |
| അസി.സെക്രട്ടറി | 12 | 12 | 2684500 | 2010966 | 75% |
| അസി.എഞ്ചിനീയർ | 170 | 120 | 24949017 | 16959909 | 68% |
| കൃഷി ഓഫീസർ | 5 | 5 | 3678612 | 1777355 | 48% |
| വെറ്ററിനറി സർജൻ | 2 | 2 | 600000 | 345000 | 58% |
| മെഡി.ഓഫീസർ(ആരോഗ്യം) | 4 | 4 | 377190 | 377190 | 100% |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 100000 | 100000 | 100% |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 2 | 500000 | 500000 | 100% |
| വി.ഇ.ഓ | 11 | 8 | 7059496 | 3777047 | 53.5% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 5 | 3631506 | 1781006 | 49.04% |
| ക്ഷീരവികസന ഓഫീസർ | 1 | 0 | 300000 | 0 | 0 |
| ഹെഡ്മാസ്റ്റർ | 7 | 7 | 1380000 | 1334504 | 97% |
| ആകെ | 243 | 183 | 52656846 | 31775965 | |

2015-16 വർഷം ഗ്രാമ പഞ്ചായത്തിന്റെ 243 പ്രൊജക്റ്റുകൾക്കാണ് ഡി.പി.സി യിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 183 എണ്ണം നടപ്പാക്കിയിട്ടുണ്ട്. നടപ്പാക്കിയ പ്രൊജക്റ്റുകളിൽ 92% പൂർത്തീകരിച്ചിട്ടുണ്ട്. 60 പ്രൊജക്റ്റുകൾ തീരെ നടപ്പാക്കാത്തതായും 14 എണ്ണം ഭാഗികമായും നടപ്പാക്കി. മേഖല തിരിച്ച് വിവരം താഴെ ചേർക്കുന്നു.

| മേഖല | ജനറൽ പ്രൊജക്റ്റുകൾ | | പട്ടികജാതി | | പട്ടിക വർഗ്ഗം | | ആകെ | നടപ്പാക്കിയവ |
|---|---|---|---|---|---|---|---|---|
| | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | | |
| ഉൽപാദനം | 9 | 6 | 2 | 1 | -- | -- | 11 | 7 |
| സേവനം | 77 | 55 | 19 | 12 | 2 | 2 | 98 | 69 |
| പശ്ചാത്തലം | 119 | 99 | 15 | 8 | -- | -- | 134 | 107 |
| | 205 | 160 | 36 | 21 | 2 | 2 | 243 | 183 |

<u>ചെലവു വിവരം</u>

| മേഖല | അടങ്കൽ | | | ചെലവ് | | |
|---|---|---|---|---|---|---|
| | ജനറൽ | പട്ടികജാതി | പട്ടികവർഗ്ഗം | ജനറൽ | പട്ടികജാതി | പട്ടികവർഗ്ഗം |
| ഉൽപാദനം | 4620562 | 112950 | -- | 2082035 | 40320 | -- |
| സേവനം | 22997413 | 6942329 | -- | 11297638 | 3113646 | -- |
| പശ്ചാത്തലം | 15784479 | 2168113 | 31000 | 14102139 | 1109187 | 3100 |

ആകെ 243 പ്രൊജക്റ്റുകളിൽ 170പ്രൊജക്റ്റുകളും അസി.എഞ്ചിനീയർ സേവന /പശ്ചാത്തല മേഖലയിൽ നടപ്പാക്കാനുള്ളവയാണ്. അതായത് ഗ്രാമ പഞ്ചായത്തിന്റെ 70% പ്രൊജക്റ്റുകൾ. ഇതിൽ 29% പ്രൊജക്റ്റുകൾ തൻവർഷം നടപ്പാക്കിയിട്ടില്ല. തൻവർഷം മരാമത്ത് പ്രവൃത്തികൾക്കായുള്ള പ്രൊജക്റ്റുകൾക്ക് വകയിരുത്തിയ 24949017രൂപയിൽ 16959909 രൂപ മാത്രമെ വിനിയോഗിക്കപ്പെട്ടിട്ടുള്ളൂ. 50 പ്രൊജക്റ്റുകൾ തീരെ നടപ്പാക്കിയിട്ടില്ല. (ഖണ്ഡിക കാണുക)ക്ഷീര വികസന ഓഫീസർ നടപ്പാക്കേണ്ടിയിരുന്ന ഒരു പ്രൊജക്റ്റ് നടപ്പാക്കിയിട്ടില്ല. പ്രൊജക്റ്റുകൾക്കായി

വകയിരുത്തിയതിൽ ചെലവഴിക്കാത്തതും സഞ്ചിതനിധിയിലേക്ക് മാറ്റപ്പെട്ടതുമായ തുക സാങ്കേതികമായി ലാപ്സാവുകയാണ്. നടപ്പാക്കാൻ കഴിയുന്ന എണ്ണം പ്രൊജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുകയും പ്രൊജക്ടുകൾ പൂർണ്ണമായും നടപ്പാക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. പഞ്ചായത്തിന് ലഭ്യമായ ഫണ്ട് ലാപ്സാകാതിരിക്കാൻ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2673729 | 2422645 | (-)251084 | (-)9.39 |
| നികുതിയേതര വരവുകൾ | 515313 | 409018 | (-)106295 | (-)20.62 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 47092 | 49221 | (+)2129 | (+)4.52 |
| ആകെ | 3236134 | 2880884 | (-)355250 | (-)10.97 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | ഇല്ല | -- | -- | -- |
| 2 | തൊഴിൽ രഹിത വേതനം | 6 | 6 | -- | -- |
| 3 | വിധവാ പെൻഷൻ | 50 | 50 | -- | -- |
| 4 | വികലാംഗ പെൻഷൻ | 12 | 11 | -- | ശ്രീ വിഷ്ണു എം, നരിക്കുനി എന്ന അപേക്ഷകന് രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് 21.7.16 കത്തയച്ചിട്ടുണ്ട്. |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | -- | -- |
| 6 | വാർദ്ധക്യകാല പെൻഷൻ | 189 | 189 | -- | -- |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന14.10.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 58241/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 10.2.16 | 1.12.15 മുതൽ 31.1.16 വരെ | സി2/3195/16 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 7.1.16 | 2010-11 മുതൽ 2014-15 | LBAC(HQ)VI-8A2371/388 /24/2/2016 | ഇല്ല |

## 1-11 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അക്ഷയ സെൻറർ- തൊഴിൽ നികുതി, സ്ഥാപന നികുതി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയിട്ടില്ല

2015-16 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ മടവൂർ ഗ്രാമപഞ്ചായത്തിൽ 10/1D നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അക്ഷയ സെൻറർ ജീവനക്കാരുടെ നികുതി , സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള10/1D നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രം നടത്തുന്നതിന് ശ്രീ സലീം ചേനോട്ട് എന്നവരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുവാൻ പഞ്ചായത്ത് സമിതി തീരുമാനിക്കുകയും കക്ഷിക്ക് നോട്ടീസ് നൽകുകയും ചെയ്യിട്ടുണ്ട് (ബി1.8618/12 തീയതി 20.04.2016) . എന്നാൽ ടി കെട്ടിടം അസി. എഞ്ചിനീയറുടെ ഓഫീസാക്കി മാറ്റുന്നതിന് വേണ്ടി ഈ വർഷം എഗ്രിമെൻ്റ് അവസാനിക്കുന്നതോടുകൂടി ഒഴിയേണ്ടതാണെന്നും കക്ഷിയെ അറിയിച്ചിട്ടുണ്ട്.ജീവനക്കാരുടെ തൊഴിൽ നികുതി,സ്ഥാപന നികുതി എന്നിവ ഈടാക്കാത്തത് സംബന്ധിച്ചും സെക്യൂരിറ്റി ഡെപ്പോസിറ്റുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി അറിയിക്കുന്നതിനുംവേണ്ടി 7/2015-16 തി.18.10.2016 നമ്പർ പ്രകാരം നല്കിയ ഓഡിററ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 23.2.2016 ൽ ജീവനക്കാരനായ ശ്രീ സലീം ചേനാട്ട് എന്നയാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായും സ്ഥാപനനികുതി, സെക്യൂരിറ്റി നിക്ഷേപം എന്നിവ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈടാക്കിയ തൊഴിൽനികുതിക്ക് രശീതി ഹാജരാക്കിയിട്ടില്ല.തൊഴിൽ നികുതി, സ്ഥാപനനികുതി, സെക്യൂരിറ്റി നിക്ഷേപം എന്നിവ ഈടാക്കി രശീതി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ,കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ 2015-16 വർഷത്തിൽ എഴുതി സൂക്ഷിച്ചില്ല.ഇത് കാരണം 2015-16 വർഷം നിർണ്ണയിച്ച നികുതി മുഴുവൻ ഈടാക്കിയോ എന്നും കുടിശ്ശിക നികുതിയുടെ പിരിവിന്റെ പുരോഗതിയും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വാർഷിക കണക്ക് പ്രകാരം വസ്തുനികുതി പിരിവിന്റെ വിവരം താഴെ കൊടുക്കുന്നു .

| വസ്തുനികുതി | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | പിരിവിന്റെ ശതമാനം |
|---|---|---|---|---|
| തൻവർഷം | 18,42,430 | 11,35,330 | 7,07,100 | 62 % |
| കുടിശ്ശിക | 6,66,828 | 4,58,125 | 2,08,703 | 69 % |

ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാതെ വാർഷിക കണക്ക് തയ്യാറാക്കിയതിലുള്ള ആധികാരികത വ്യക്തമല്ല. വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കാൻ വേണ്ട നടപടി സ്വീകരിക്കാത്തതിനും വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാത്തതിനും മറുപടി ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 20/22.10.16)മറുപടി ലഭ്യമാക്കിയിട്ടില്ല .ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത

2015-16 വർഷം തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ബൈത്തുൽ ഇസ്സ ആർട്സ് & സയൻസ് കോളേജ് – തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

| പേര് | തസ്തിക | അർദ്ധവാർഷിക വരുമാനം | അടക്കേണ്ട തുക | അടച്ച തുക | കുറവ് | പിരീഡ് |
|---|---|---|---|---|---|---|
| ഷമീർ എം കെ | ക്ലർക്ക് | 45000 | 450 | 300 | 150 | ഒന്നാം അർദ്ധ വർഷം |
| ബിന്ദു കെ എസ് | ലൈബ്രേറിയൻ | 45000 | 450 | 300 | 150 | “ |
| സരിത പി | സ്വീപ്പർ | 18000 | 180 | 120 | 60 | “ |
| സജ്ന.പിപി | ക്ലർക്ക് | 45000 | 450 | 300 | 150 | രണ്ടാം അർദ്ധ വർഷം |
| ആകെ | | | | | 510 | |

2) 2015-16 ലെ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ററിലുള്ള ഫെയ്മസ് ബേക്കറി ആരാമ്പ്രം എന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3) മടവൂർ ഗ്രാമപഞ്ചായത്ത് ജീവനക്കാരായ ശ്രീ റിജേഷ് എൻ കെ, ക്ലർക്ക് ; ശ്രീ സഹദേവൻ ടി, ഓഫീസ് അറ്റൻറൻറ് എന്നിവരിൽ നിന്നും വരുമാനത്തിൻെറ അടിസ്ഥാനത്തിൽ (യഥാക്രമം 123333, 124499 രൂപ ) 1000/- രൂപ വീതമാണ് തൊഴിൽ നികുതി ഈടാക്കിയത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെ.204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള മൊത്തവരുമാനത്തിൻെറ മേലെയാണ് നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ മേൽ ജീവനക്കാരുടെ നികുതി റിട്ടേണിൽ ബോണസ്/ ഉത്സവബത്ത / സറണ്ടർ എന്നിവ ചേർത്തിട്ടില്ല. ആയതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതായിരുന്നു. ഇതു സംബന്ധിച്ച് നൽകിയ 6/2015-16 തീയതി 15.10.2016 നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തൊഴിൽ നികുതി 19.10.16 , 22.10.16 തിയ്യതികളിലായി അടവാക്കിയത് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ഡി & ഓ ലൈസൻസ് അപേക്ഷ-നടപടിയിലെ അപാകത

1) ഡി & ഓ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ലഭിക്കുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടർ നിർബന്ധമായും സ്ഥല പരിശോധന നടത്തണം.

2015-16 ലെ അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപേക്ഷകളോടൊപ്പം ഹെൽത്ത് ഇൻസ്പെക്ടർ നൽകുന്ന സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കിയതായി കാണുന്നില്ല.

| ക്രമ.നം. | പേര്, മേൽ വിലാസം | കച്ചവട ഇനം |
|---|---|---|

| | | |
|---|---|---|
| 1. | ശ്രീ.പി.സൂപ്പി<br>പറമ്പത്ത്, മടവൂർ (പി.ഒ) | സിമെന്റ് , ഇഷ്ടിക |
| 2. | ശ്രീ.ഉമ്മർകോയ<br>കണ്ണനപൊയിൽ, മടവൂർ (പി.ഒ) | പലചരക്ക് |
| 3. | ശ്രീ.രാജീവ്<br>അമ്പാടി താഴോട്ട്<br>എരവന്നൂർ | പലചരക്ക് |

2) ഡി & ഓ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ , ലൈസൻസ് അനുവദിച്ച് ഫീസ് ഈടാക്കിയ നിരവധി അപേക്ഷകളിൽ സെക്രട്ടറി തീരുമാനം എഴുതുകയോ അംഗീകരിച്ച് ഒപ്പിട്ടതായോ കാണുന്നില്ല. ലൈസൻസിനുള്ള അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് ഇല്ലാതെ ലൈസൻസ് അനുവദിച്ചതായും കാണുന്നു. ലൈസൻസിനുള്ള അപേക്ഷകൾ ലഭിക്കുമ്പോൾ എല്ലാ രേഖകളും അടക്കം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ലഭ്യമായ അപേക്ഷകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷണറിപ്പോർട്ടും തീരുമാനങ്ങളും രേഖപ്പെടുത്തേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രം തയ്യാറാക്കൽ - ഒരേ ലക്ഷ്യത്തിന് കുടുംബശ്രീ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രോജക്ട് നടപ്പിലാക്കി.

1. പ്രോജക്ട് നമ്പർ 276/16

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രം തയ്യാറാക്കൽ

ഫണ്ട് വികസന ഫണ്ട് .

ചെലവ് 65000/- , ബിൽ നമ്പർ 37/ 16.3.16

കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 65000/- രൂപ വീതം ഓരോ ഗ്രാമ പഞ്ചായത്തിന്റേയും തനതു ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ ചെലവ് ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകുന്നതിന് 20.3.15 ലെ 813/15 ത.സ്വ.ഭ.വ പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട് .പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ 65000/- രൂപയുടെ ഡി.ഡി നൽകിയിട്ടുണ്ട് . (ഡി.ഡി.നമ്പർ - കൊടുവള്ളി എസ്.ബി.ഐ ൽ നിന്നുള്ള 22.3.16 ലെ 698884 ) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 7.4.15 ലെ ks-k-6260-14 നം കത്ത് പ്രകാരം മീഡിയാശ്രീ പദ്ധതി മുഖേന കുടുംബശ്രീമിഷൻ - ത.സ്വ.ഭ സ്ഥാപനങ്ങൾക്കുവേണ്ടി നടപ്പിലാക്കുന്ന വീഡിയോ ഡോക്യുമെന്റേഷൻ സംബന്ധിച്ച് കുടുംബശ്രീ ജില്ലാ മിഷനുകളും ത.സ്വ.ഭരണ സ്ഥാപനങ്ങളും ചേർന്ന് നടപ്പിലാക്കേണ്ട തുടർനടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിരുന്നു . പ്രസ്തുത ഉത്തരവ് ഫയലിൽ ലഭ്യമല്ലാത്തതിനാൽ ഉത്തരവിലെ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചോ എന്ന് വ്യക്തമല്ല . പണം അടവാക്കിയതിനുള്ള വിനിയോഗ വിവരമോ ഡോക്യുമെന്ററി പൂർത്തിയായതിന്റെ വിശദാംശമോ ഫയലിലില്ല .

2. പ്രോജക്ട് നമ്പർ 204 / 16

പഞ്ചായത്ത് ചരിത്രം തയ്യാറാക്കൽ

ഫണ്ട് വികസന ഫണ്ട്

ചെലവ് 35000/- ബിൽ നമ്പർ 10/ 15.10.15

പഞ്ചായത്തിന്റെ സാമൂഹിക,സാമ്പത്തിക ,സാംസ്കാരിക , പാരിസ്ഥിതിക ,ക്ഷേമ ,വികസന ആരോഗ്യ വിദ്യാഭ്യാസ

മേഖലകളിലെ നേട്ടങ്ങൾ ചിത്രീകരിച്ച് സി.ഡി.രൂപത്തിലാക്കി വിതരണം ചെയ്യുന്നതിനാണ് പഞ്ചായത്ത് ചരിത്രം തയ്യാറാക്കൽ എന്ന പദ്ധതി കൊണ്ടുദ്ദേശിച്ചത് . ജൈവ വൈവിദ്ധ്യ മേഖലകൾ ,മുൻ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അഭിമുഖം , പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങൾ ,പഞ്ചായത്ത് പരിധിയിൽ വരുന്ന നീരുറവകൾ ,പഞ്ചായത്ത് ഓഫീസ് , ഫ്രണ്ട് ഓഫീസ് , കൂടാതെ വികസന പ്രവർത്തനങ്ങൾ എന്നിവ സി.ഡി.യിൽ ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട് . മേൽ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സി.ഡി.തയ്യാറാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത (35000/-) രജീഷ് , സരോവരം സ്റ്റുഡിയോവിന്റെ ക്വട്ടേഷൻ പഞ്ചായത്ത് ഭരണ സമിതിയുടെ 26.8.15 ലെ 108/15 (18) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട് .ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ക്യാമറ വാടക 3 ദിവസം | 6500 |
| ക്യാമറാമാൻ ചാർജ്ജ് | 7500 |
| ക്യാമറ അസിസ്റ്റന്റ് | 2000 |
| സൗണ്ട് റിക്കോർഡിംഗ് ആന്റ് മിക്സിംഗ് | 7500 |
| എഡിറ്റിംഗ് ചാർജ്ജ് | 7000 |
| സി.ഡി.സ്റ്റിക്കർ ആന്റ് പ്രിന്റിംഗ് ചാർജ്ജ് | 2000 |
| 50 സി.ഡി റൈറ്റിംഗ് ചാർജ്ജ് | 2500 |
| ആകെ | 35000 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രം തയ്യാറാക്കൽ എന്ന പ്രോജക്ടിലും മേൽ ഘടകങ്ങൾ തന്നെയാണ് ഉൾക്കൊള്ളുന്നത്. പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽതുക അടവാക്കിയിട്ട് പ്രോജക്ട് ലക്ഷ്യംകൈവരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാതെ പഞ്ചായത്ത് ചരിത്രം തയ്യാറാക്കുന്നതിന് വീണ്ടും പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ ) മറുപടി ലഭ്യമാക്കിയിട്ടില്ല .വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ കുടുംബശ്രീമിഷനിൽ അടവാക്കിയ തുകയായ 65000/- രൂപയും പ്രോജക്ട് ആവർത്തിച്ചതു വഴിയുള്ള ആവർത്തന ചെലവായ 35000/-രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 മരാമത്ത് പ്രവൃത്തികൾക്കായുള്ള പ്രൊജക്ടുകളുടെ ബാഹുല്യം - നടപ്പാക്കാൻ കഴിയാത്തതും ഭാഗിക പൂർത്തീകരണവും കാരണം പദ്ധതിപണം ലാപ്സായി

ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം അംഗീകാരം ലഭിച്ച 243 പ്രൊജക്ടുകളിൽ 170പ്രൊജക്ടുകളും അസി.എഞ്ചിനീയർ സേവന /പശ്ചാത്തല മേഖലയിൽ നടപ്പാക്കാനുള്ളവയാണ്. അതായത് ഗ്രാമ പഞ്ചായത്തിന്റെ 70% പ്രൊജക്ടുകൾ. ഇതിൽ 29% പ്രൊജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടില്ല. അസി.എഞ്ചിനീയരുടെ കാര്യാലയത്തിൽ 2015-16 വർഷം കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനീയർക്ക് അധികച്ചുമതലയായിരുന്നു. ഒരു ഓവർസിയർ മാത്രമാണ് പൊതുമരാമത്ത് വിഭാഗത്തിലുള്ളത്. 19.24 ച.കി.മി വിസ്തൃതിയുള്ള ഗ്രാമ പഞ്ചായത്തിലെ മരാമത്ത് വിഭാഗം ഓഫീസിലെ ക്ലറിക്കൽ ജോലികൾക്കായി ഒരു ക്ലാർക്കിന്റെ സേവനം ലഭ്യമാക്കിയിട്ടില്ല. 11.3.2008ലെ ലോക്കൽ സെൽഫ് ഗവൺമെന്റ് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ 4486/ERA1/2008/LSGD പ്രകാരം പഞ്ചായത്തുകളിൽ സെക്രട്ടറി, മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന സമയത്ത് മരാമത്ത് പ്രവൃത്തി ഫയലുകൾ കൈകാര്യം ചെയ്ത ക്ലാർക്കിന്റെ സേവനം എഞ്ചിനീയർക്ക് ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പഞ്ചായത്ത് കാര്യാലയത്തിലെ ജോലിഭാരം കാരണം ആയതിൻമേൽ നടപടിയുണ്ടായിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ ഫീൽഡ് വർക്കുകൾക്കും ക്ലറിക്കൽ ജോലികൾക്കും നിലവിലുള്ള ജീവനക്കാർ മതിയാകാത്ത സാഹചര്യമാണുള്ളത്. 205-16 വർഷം മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും കൺവീനർ പ്രവൃത്തിയായാണ് നടത്തിയിട്ടുള്ളത്. 170ഓളം പ്രൊജക്ടുകൾ പ്രകാരമുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ,ബിൽ, മുതലായവ തയ്യാറാക്കുന്നതിനും ക്ലറിക്കൽ ജോലികൾ, സൈറ്റ് സൂപ്പർവിഷൻ എന്നിവയ്ക്കും നിലവിലുള്ള ജീവനക്കാർ മതിയാകാത്ത സാഹചര്യമായതിനാൽ തന്നെ മരാമത്ത് പ്രവൃത്തികൾക്ക് മേൽനോട്ടക്കുറവ് ഉണ്ടാക്കാനും പ്രവൃത്തികൾക്ക് ഗുണനിലവാരം കുറയാനും ഇടയാക്കുന്നതാണ്. തൻവർഷം മരാമത്ത് പ്രവൃത്തികൾക്കായുള്ള പ്രൊജക്ടുകൾക്ക് വകയിരുത്തിയ 24949017രൂപയിൽ 16959909 രൂപ മാത്രമെ വിനിയോഗിക്കപ്പെട്ടിട്ടുള്ളൂ. 50 പ്രൊജക്ടുകൾ തീരെ നടപ്പാക്കിയിട്ടില്ല. 2015-16 വർഷം പബ്ലിക് അക്കൗണ്ടിൽ

ബാക്കിയാകുന്ന തുക സഞ്ചിത നിധിയിലേക്ക് മാറ്റിയിട്ടുള്ളതിനാൽ, വിനിയോഗിക്കാതെ ബാക്കിയാകുന്ന തുക ഫലത്തിൽ ലാപ്സാകുകയാണ്.ഘട്ടം ഘട്ടമായുള്ള പൂർത്തീകരണം ലക്ഷ്യമാക്കി പ്രൊജക്റ്റ് വെക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. 2015-16 വർഷം ഭാഗികമായി നടപ്പാക്കിയ പ്രവൃത്തികൾ സംബന്ധിച്ച് അസി.എഞ്ചിനീയർ ലഭ്യമാക്കിയ വിവരം താഴെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ പേര് | തൻവർഷത്തെ പ്രവൃത്തി | ആകെ അടങ്കൽ | ചെലവ് | അഭിപ്രായം |
|---|---|---|---|---|---|
| 1. | പുനത്തിൽ താഴംകൊടോളി റോഡ് | 1.സൈഡ് കെട്ട്<br>2.സി.സി. ടോപ്പ് ബെൽറ്റ്<br>3.മണ്ണ് നിറയ്ക്കൽ<br>4. സോളിങ്ങ്, മെറ്റലിങ്ങ് - 184.20m | 200000 | 192815 | സോളിങ്ങ് മെറ്റലിങ്ങിനു ശേഷം 200 mtr. മൺറോഡ്.<br>റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. |
| 2 | കുഴിബാട്ടിൽ പട്ടോത്ത് മുക്ക് റോഡ് | ഗ്രേഡ് II മെറ്റലിങ്ങ് 98 മീ. നീളം | 100000 | 100000 | മെറ്റലിങ്ങ് പൂർത്തിയായി. ടാറിങ്ങ് നടത്തിയിട്ടില്ല. |
| 3 | വട്ടംകണ്ടി മുക്ക് കുന്നത്ത് പള്ളി റോഡ് | ഗ്രേഡ് മെറ്റലിങ്ങ് 74.10 മീ. | 100000 | 99220 | ഗ്രേഡ് മെറ്റലിങ്ങ് പൂർത്തിയായി. ശേഷം 300 മീ. മൺറോഡ്. റോഡ് ഉപയോഗയോഗ്യമായിട്ടില്ല. |
| 4 | വള്ളോമ്പ്ര പുത്തലത്ത് താഴം റോഡ് | മണ്ണ് നിറയ്ക്കൽ, ഗ്രാനുലാർ സബ് ബേസ് ,<br>ഗ്രേഡ് മെറ്റലിങ്ങ്- 54.10മീ. | 100000 | 100000 | ഗ്രേഡ് മെറ്റലിങ്ങ് പൂർത്തിയായ ശേഷമുള്ളത് വാഹനഗതാഗതയോഗ്യമല്ലാത്ത മൺ റോഡ് |
| 5 | പൊയിൽ വള്ളി വെള്ളാരംപാറ റോഡ് | മെറ്റലിങ്ങ്, ടാറിങ്ങ്- 99.50മീ. | 200000 | 200000 | ടാറിങ്ങ് പൂർത്തിയായതിനു ശേഷമുള്ള143.3 മീ. ഭാഗം ഗ്രേഡ് II മെറ്റലിങ്ങ് ചെയ്ത<br>അവസ്ഥയിൽ |
| 6 | വെള്ളാരംകണ്ടി പുന്നടിപൊയിൽ റോഡ് | മെറ്റലിങ്ങ്, ടാറിങ്ങ് 148മീ. | 250000 | 250000 | ടാറിങ്ങ് പ്രവൃത്തിക്ക് ശേഷം 72 മീ. സോളിങ്ങ്, മെറ്റലിങ്ങ് ചെയ്ത നിലയിൽ. റോഡ് പ്രവൃത്തി പൂർണ്ണമല്ല |
| 7 | കൊളേരിപൊയിൽ അങ്കണവാടി | റൂഫ് കോൺക്രീറ്റ്, ഡോർ, വിൻഡോ സ്ഥാപിക്കൽ, പ്ലാസ്റ്ററിങ്ങ്, ഫ്ലോറിങ്ങ്. | 200000 | 198888 | ടൈൽ പാകൽ, ടോയ് ലറ്റ്, പുറം പ്ലാസ്റ്ററിങ്ങ് പ്രവൃത്തികൾ ബാക്കി. |
| 8 | പകൽ വീട് | ടോയ്ലറ്റ്, കോമ്പൗണ്ട് വാൾ, യാർഡ് ടൈൽ, പ്ലമ്പിങ്ങ്, പെയിന്റിങ്ങ് | 393864 | 362462 | വൈദ്യുതീകരണം,കിണർ |
| 9 | രാംപൊയിൽ അങ്കണവാടി | കെട്ടിട നിർമ്മാണം, പ്ലാസ്റ്ററിങ്ങ് | 641908 | 548990 | ടോയ് ലറ്റ്, പെയിന്റിങ്ങ് പ്രവൃത്തികൾ ബാക്കി. |

ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിൽ പശ്ചാത്തലമേഖലയ്ക്ക് വളരെ പ്രാധാന്യമുണ്ട്. പ്രൊജക്ടുകളുടെ എണ്ണം കൂട്ടുന്നതിനേക്കാൾ കുറ്റമറ്റ രീതിയിലും സമയബന്ധിതമായും പൂർത്തീകരിക്കാവുന്ന തരത്തിൽ പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുന്നതിന് പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് ശ്രദ്ധിക്കേണ്ടതുണ്ട്. എന്നാൽ മാത്രമെ പ്രൊജക്ടുകളുടെ എണ്ണം പരിമിതപ്പെടുത്താനും പ്രവൃത്തി ഫലപ്രദമായി പൂർത്തീകരിക്കാനും ലഭ്യമായ പഞ്ചായത്ത് ഫണ്ട് ലാപ്സാകാത്ത തരത്തിൽ പരമാവധി വിനിയോഗിക്കാനും കഴിയൂ. 2015-16 വർഷം 50 ഓളം മരാമത്ത് പ്രൊജക്ടുകൾ നടപ്പാകാത്തതും, മേൽചേർത്ത പ്രകാരം പ്രവൃത്തി പൂർത്തീകരണം നടക്കാത്ത രീതിയിൽ പ്രൊജക്ടുകൾക്ക് തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-3 നടപ്പാത നിർമ്മമാണത്തിന് സംരക്ഷണഗ്രാന്റ്(റോഡ്) വിനിയോഗിച്ചു - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന സംരക്ഷണഗ്രാന്റ്(റോഡ്), (റോഡിതരം) വിനിയോഗം സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഓ(എം.എസ്) നം.330/2004/തസ്വഭവ തീയ്യതി 9.12.14 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ ഉത്തരവ് പ്രകാരവും പരിഷ്കരിച്ച ഉത്തരവുകൾ പ്രകാരവും സംരക്ഷണഗ്രാന്റ്(റോഡ്) റോഡ് സംരക്ഷണഗ്രാന്റ് പ്രവൃത്തികൾക്ക് മാത്രമെ ഉപയോഗപ്പെടുത്താൻ പാടുള്ളൂ.റോഡുകളിലെ കുഴികൾ നികത്തുക, ഉപരിതലം നിരപ്പാക്കുക, ഓടകൾ നിർമ്മിക്കുക, വശങ്ങൾ ഭിത്തികെട്ടി ശക്തിപ്പെടുത്തുക മുതലായ ആവശ്യങ്ങൾക്കേ ടി തുക വിനിയോഗിക്കാവൂ എന്നും മറ്റ് ആവശ്യങ്ങൾക്ക് വകമാറ്റി ഉപയോഗപ്പെടുത്താൻ പാടില്ല എന്നും ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.(21.11.12 ലെ 68228/എഫ്.എം1/ 2012/ തസ്വഭവ നം. സർക്കുലറും കാണുക)ഗ്രാമ പഞ്ചായത്തിൽ മേൽ ചേർത്ത പ്രകാരമുള്ള സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി താഴെ ചേർത്തപ്രകാരം ഫുട്പാത്ത് നിർമ്മാണത്തിനായി സംരക്ഷണഗ്രാന്റ്(റോഡ്) വകമാറ്റി വിനിയോഗിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനം. | പ്രൊജക്റ്റിന്റെ നം./പേര് | നിർവ്വഹണം | കരാറുകാരൻ | വകയിരുത്തിയ തുക | ചെലവു തുക | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | തച്ചേരിതാഴം നടപ്പാത | അസി.എഞ്ചിനീയർ | ശ്രീ സി.ആലി | 50000/-(സംരക്ഷണഗ്രാന്റ് - റോഡ്) | 50000/- | ട്രഷറി ബിൽ നം. 69/26.3.16 |

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മെയിന്റനൻസ് ഫണ്ട് വകമാറ്റി ചെലവു ചെയ്യുന്ന രീതിയിൽ പ്രൊജക്ട് തയ്യാറാക്കുകയും തുക ചെലവഴിക്കുകയും ചെയ്തത് സംബന്ധിച്ച് നല്കിയ നം. 13ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 50000/- രൂ. തടസ്സത്തിൽ വെക്കുന്നു.

## 3-4 സ്കൂൾ കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നമ്പർ : 14/16
നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്ററർ ഗവ.എൽ.പി.സ്കൂൾ പൈമ്പാലശ്ശേരി

പഞ്ചായത്ത് പരിധിയിലെ 12 സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നത് ഉദ്ദേശിച്ചാണ് പദ്ധതി നടപ്പിലാക്കിയത്.പദ്ധതി പ്രകാരം 12 സ്കൂളുകളിലെ ഹെഡ് മാസ്ററർമാർക്ക് താഴെ പറയും പ്രകാരമുള്ള തുക നൽകിയിട്ടുണ്ട്.പരിശീലകർക്ക് സേവനത്തിനുള്ള ചെലവ് ,പഠന ഉപകരണങ്ങൾ ,ഭക്ഷണം എന്നിവയിലാണ് ചെലവുള്ളത്.

| ക്രമ നം. | സ്കൂളിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | സി.എം.യു.പി സ്കൂൾ, ആരാമ്പ്രം | 8000.00 |
| 2 | എ.യു.പി. സ്കൂൾ, മടവൂർ | 14000.00 |
| 3 | എ.യു.പി സ്കൂൾ, എരവന്നൂർ | 8000.00 |
| 4 | ഹസാനിയ എ.യു.പി സ്കൂൾ, മുട്ടാഞ്ചേരി | 8000.00 |
| 5 | എ.എൽ.പി സ്കൂൾ, മുട്ടാഞ്ചേരി | 7000.00 |
| 6 | എ.എൽ.പി സ്കൂൾ , പുല്ലാളൂർ നോർത്ത് | 7000.00 |

| | | |
|---|---|---|
| 7 | എ.എൽ.പി സ്കൂൾ, എരവന്നൂർ | 7000.00 |
| 8 | എ.എം.എൽ.പി സ്കൂൾ, പയമ്പലശ്ശേരി | 13000.00 |
| 9 | എ.എം.എൽ.പി. സ്കൂൾ, മടവൂർ നോർത്ത് | 7000.00 |
| 10 | എ.എൽ.പി സ്കൂൾ, കുട്ടക്കവയൽ | 7000.00 |
| 11 | ജി.എൽ.പി സ്കൂൾ, പയമ്പലശ്ശേരി | 32000.00 |
| 12 | എ.എൽ.പി സ്കൂൾ, പൂല്ലാളൂർ | 7000.00 |
| | ആകെ | 125000.00 |

ജി.ഒ.( എം.സ്) 362/2013 ത.സ്വ.ഭ.വ 16.11.2013 പ്രകാരമുള്ള പദ്ധതി മാർഗ്ഗ രേഖയിലെ അനുബന്ധം-1 ലെ ഖണ്ഡിക 6(3)(5) എന്നിവ പ്രകാരം പഠന നിലവാരം ഉയർത്തുന്ന പ്രൊജക്ടുകൾ എസ്.എസ്.എ പ്രൊജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിങ് നൽകുന്നതിന് ഉള്ള ചെലവിലേക്കായി ഒരു സെന്ററിന് 3000/- രൂപ എന്ന പരിധിയ്ക്ക് വിധേയമായി വികസന ഫണ്ട് ചെലവഴിക്കാവുന്നതാണ്.എന്നാൽ മേൽപ്പറഞ്ഞ പദ്ധതിചെലവ് ടി പരിധി ലംഘിച്ചിരിക്കയാണ്.മാത്രമല്ല എസ്.എസ്.എ നിലവിൽ നടപ്പിലാക്കിവരുന്ന ഇത്തരം പ്രൊജക്ടുകൾക്ക് പുറമെ പഞ്ചായത്ത് നടപ്പാക്കുന്നുവെങ്കിൽ അവ എസ്.എസ്.എ പ്രൊജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കുകയോ ,മേൽ പദ്ധതിക്കായി മുൻകൂർ സർക്കാർ അനുമതിവാങ്ങിക്കുകയോ ചെയ്യേണ്ടതാണ്. ആയത് വിശദീകരിക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭിച്ചെങ്കിലും സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായതിനാൽ അംഗീകരിക്കാനാവില്ല. മാർഗരേഖയിൽ പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധമായി ചിലവഴിച്ച 1,25000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. ചെലവിനടിസ്ഥാനമാക്കിയ അനുമതിപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-5 മെഡിക്കൽ ഓഫീസർ മരുന്ന് വാങ്ങൽ -പദ്ധതി ടെണ്ടർ /ക്വട്ടേഷൻ നടപടിയുടെ വിശദാംശങ്ങൾ ഇല്ല.

മെഡിക്കൽ ഓഫീസർ ആയുർവ്വേദം ,മടവൂർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ യുനാനി മരുന്ന് വാങ്ങൽ പദ്ധതി (പ്രോജക്ട് നം.36/16)പ്രകാരം രണ്ട് ലക്ഷം രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട്. പ്രസ്തുത മരുന്ന് വാങ്ങിയത് പ്രണവം അസോസ്സിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ്. ഒരു ലക്ഷം രൂപയിലും കൂടുതലുള്ള വാങ്ങലുകൾ കേരള സ്റ്റോർ പർച്ചേസ് മാനുവൽ 2013 ലെ വ്യവസ്ഥകൾ അനുസരിച്ചായിരിക്കേണ്ടതാണ്.

മരുന്ന് വാങ്ങൽ നടപടിയുമായി ബന്ധപ്പെട്ട 3 ക്വട്ടേഷനുകളും തിയ്യതിയില്ലാതെ റീ ടെണ്ടർ നടത്തിയ വിൻഡോ പരസ്യമുള്ള പേപ്പർകട്ടിങ്ങുമാണ് ലഭ്യമാക്കിയത്.എന്നാൽ ഒറിജിനൽ ടെണ്ടർ നടത്തിയതിന്റെ വിവരങ്ങൾ ,റീ ടെണ്ടറിന്റെ സാഹചര്യം ,ആദ്യ പത്രപരസ്യം നൽകിയ തിയ്യതി,വിശദാംശം ,ടെണ്ടർ തുറന്ന് പരിശോധിച്ച രണ്ട് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ , ടെണ്ടർ തുറന്ന് പരിശോധിച്ച് വിശദ വിവരങ്ങൾ രേഖപ്പെടുത്തിയ സാക്ഷ്യപ്പെടുത്തിയ രേഖകൾ ,ഇ.എം.ഡി സമർപ്പിച്ച രൂപം (ഡി.ഡി,എൻ എസ് എസ് തുടങ്ങിയവ)(സ്റ്റോർ പർച്ചേഴ്സ് മാന്വൽ പ്രകാരം )എന്നിവയും ആകെ വിറ്റ ടെണ്ടർ ഡോക്യുമെന്റുകൾ ,ആർക്കെല്ലാം വിറ്റു,വിൽക്കാത്തവ ,ലഭിച്ച തുക എന്നിവയുടെ വിശദാംശങ്ങളും (പഞ്ചായത്ത് ടെണ്ടർ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല) പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയ എൻക്വയറിക്ക് (12/2015-16,19.10.2016) ലഭിച്ച മറുപടിയിൽ മേൽപറഞ്ഞ നടപടിക്രമങ്ങൾ പഞ്ചായത്തുമുഖേനയാണ് നടത്തിവരുന്നതെന്നാണ് മെഡിക്കൽ ഓഫീസർ അറിയിച്ചത്. ആയതിനാൽ സെക്രട്ടറി മേൽപറഞ്ഞവയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-6 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകൽ പദ്ധതി -അപാകതകൾ

2015-16 വർഷം പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മേശയും കസേരയും വാങ്ങിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ബിൽ നമ്പർ :3/15-16 തി 26.8.15

ചെലവ് തുക :299704/-

വാങ്ങിയ സ്ഥാപനം :കേരള സംസ്ഥാന ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിററഡ് കോഴിക്കോട്

റസീററ് നമ്പർ ,തിയ്യതി :122 , 10.8.15

ഡി.ഡി നമ്പർ,തിയ്യതി :693124 ,1.9.15

1. സ്ററീൽ ടേബിൾ (ഒരു ഡോർ)

കബോർഡ് ( 18 mm ലാമിനേറ്റഡ് ടോപ്പ്)

(36x18x30)75 @3115 :233625/-

2. ഫൈബർ കസേര (നിൽകമൽ)

75 എണ്ണം@375 : 28125/-

വില്പന നികുതി : 37953.75

ആകെ - 299704/-

ജി.ഒ (ആർ.ടി) നം.11/2009 എസ്.പി.ഡി തി 11.2.09 ,ജി.ഒ (ആർ.ടി) നം.17/2013എസ്.പി.ഡി തി 13.2.13 എന്നീ ഉത്തരവുകൾ പ്രകാരം യഥാക്രമം സിഡ്കോ,കാഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്ന് ടെൻഡർ/കൊട്ടേഷൻ നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങാവുന്ന ഇനങ്ങളിൽ നിൽകമൽ കമ്പനിയുടെ കസേര ഉൾപ്പെടുന്നില്ല.ടെൻഡർ/കൊട്ടേഷൻ നടപടികളിലൂടെ വാങ്ങേണ്ട സാധനങ്ങൾ നേരിട്ട് ഒരു സ്ഥാപനത്തിൽ നിന്ന് വില താരതമ്യം ചെയ്യാതെ നേരിട്ട് വാങ്ങുന്നത് ചട്ട വിരുദ്ധമാണ്.സിഡ്കോ പൊതുമാർക്കറ്റിൽ നിന്നും വാങ്ങിവിൽക്കുന്ന ഉൽപ്പന്നമായതിനാൽ നേരിട്ട് സിഡ്കോയിൽ നിന്ന് വാങ്ങിയ നടപടി ക്രമപ്രകാരമല്ല. നടപടി ക്രമങ്ങൾ പാലിക്കാതിരുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/2015-16 ,15.10.2016)ലഭിച്ച മറുപടിയിൽ പുതിയൊരു ക്വട്ടേഷൻ ഉള്ളടക്കം ചെയ്ത് സമർപ്പിച്ചിട്ടുണ്ട്. (ക്വട്ടേഷൻ അറിയിപ്പ് നൽകിയ തിയതി, ക്വട്ടേഷൻ ഹെഡ് മാസ്റ്റർ സ്വീകരിച്ച തിയതി , ക്വട്ടേഷൻ തുറന്ന തിയതി തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ക്വട്ടേഷൻ സ്വീകര്യമല്ല.)നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാങ്ങിയതെന്ന് ടിയാൻ മറുപടിയിൽ സമ്മതിച്ചിട്ടുമുണ്ട്. അപാകതകൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## 3-7 വി.ഇ.ഒ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

താഴെ കാണിച്ച പദ്ധതികൾക്കുള്ള പഞ്ചായത്ത് അംഗീകരിച്ച/മാറ്റം വരുത്തിയ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക | ഗുണഭോക് താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 52/16 | സാനിറ്ററി യൂണിറ്റ് | 160000/- | 20 |
| 2 | 111/16 | ജവഹർ ഭവന നിർമ്മാണം | 3750370/- | 16 |

പഞ്ചായത്ത് അംഗീകരിച്ച അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കാതെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് പദ്ധതി നടപ്പാക്കിയതിന് വി.ഇ.ഒ വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (19/2015-16,21.10.2016) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്/മാറ്റം വരുത്തിയ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-8 മെഡിക്കൽ ഓഫീസർ-ആയുർവ്വേദം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

2015-16 വർഷം മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ താഴെ ചേർക്കുന്നു.

I. ആയുർവേദമരുന്ന് വാങ്ങിയത്-ഇൻവോയ്സുമായി തുക പൊരുത്തപ്പെടുന്നില്ല.

2015-2016 സാമ്പത്തിക വർഷം മെയിൻറ്റെനൻസ് ഫണ്ട് വകയിരുത്തി 3 ലക്ഷം രൂപയുടെ മരുന്ന്

വാങ്ങിയ പ്രൊജക്റ്റ്(നം.40/16) ചിലവിനത്തിൽ ഔഷധി എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ മരുന്നുകളുടെ ഇൻവോയിസ് പ്രകാരം (നം 1283 തി.31.7.2015)263042/-രൂപയാണ് ചിലവ് തുകയായി ആകെ രേഖപ്പെടുത്തിയത്.ശേഷിക്കുന്ന 36758/-രൂപയുടെ ചിലവിന് ആധാരമായ രേഖകൾ ലഭ്യമല്ല.കൂടാതെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

II. യുനാനി ഡിസ്പെൻസറി മരുന്ന് വാങ്ങൽ -ടെൻഡർ നടപടിയുടെ വിശദാംശങ്ങളില്ല.

പ്രൊജക്റ്റ് നമ്പർ 36/16 പ്രകാരം യുനാനി ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങിയതിന്റെ ഇൻവോയ്സ് ലഭ്യമാക്കിയെങ്കിലും കുറഞ്ഞനിരക്കിലുള്ള സ്ഥാപനത്തിന്റെ ടെൻഡറാണ് പരിഗണിച്ചത് എന്ന് കാണുന്ന രേഖകൾ ഒന്നും ഫയലിലില്ല. ടെൻഡർ നടപടികൾ സംബന്ധിച്ച രേഖകളും മരുന്ന് സ്റ്റോക്കിലെടുത്തതിന്റെയും രജിസ്റ്ററും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-9 ഐ.സി.ഡി.എസ് സൂപ്പർവൈസർ THRS ഭക്ഷ്യ മിശ്രിതം പൂർണ്ണമായി സ്റ്റോക്കിൽ എടുത്തില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങിയ THRS ഭക്ഷ്യ മിശ്രിതം സ്റ്റോക്കിൽ എടുത്തത് പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ താഴെ പറയുന്നു

പ്രൊജക്റ്റ് നമ്പർ : 30/16 അംഗൻവാടി പോഷകാഹാര വിതരണം (പദ്ധതി)

ചെലവ് : 7ലക്ഷം

| ക്രമ നമ്പർ | വൗച്ചർ നമ്പർ,തിയ്യതി | ലഭിച്ച ഭക്ഷ്യ മിശ്രിതം(തൂക്കം) | സെൻററുകളിൽ വിതരണം ചെയ്തവ | കുറവ് വന്ന അളവ്(കിലോ) |
|---|---|---|---|---|
| 1 | 1522<br>21.7.15 | 1125 കിലോ | 1115 കിലോ | 10 |
| 2 | 1530<br>1.2.16 | 1500കിലോ | 1490 കിലോ | 10 |

27 അംഗൻവാടികൾക്കായി വിതരണം ചെയ്യാൻ ലഭിച്ച ക്രമ നമ്പർ 1,2 ലെ യഥാക്രമം 1125,1500 എന്നീ അളവിലുള്ള ഭക്ഷ്യധ്യാനം വിതരണം ചെയ്തതിന്റെയും അവ വിവിധ അംഗൻവാടികൾക്ക് ലഭിച്ചതിന്റെ അളവിന് നേരെ കൈപ്പറ്റിയ വ്യക്തികൾ സ്റ്റോക്ക് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

വിതരണം ചെയ്യാത്ത ഭക്ഷ്യധാന്യത്തിന്റെ വില പ്രസ്തുത ഹെഡ്ഓഫ് അക്കൗണ്ടിൽ തിരിച്ചടവാക്കാതിരിക്കാൻ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/2015-16, 18.10.2016) മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ ആയതിൻെറ വിലയായ 1120/- രൂപ (56 * 20Kg)തിരിച്ചടവക്കേണ്ടതാണ്.

## 3-10 തെങ്ങ് കൃഷിക്ക് വളം വിതരണം- കൃഷി ഓഫീസർ വളത്തിന്റെ ഗുണ നിലവാരം പരിശോധിച്ചില്ല.

പ്രോജക്റ്റ് തെങ്ങ് കൃഷിക്ക് വളം വിതരണം .

നിർവ്വഹണം കൃഷി ഓഫീസർ

ഫണ്ട് വികസന ഫണ്ട് , ധനകാര്യ കമ്മീഷൻ ഗ്രാന്റ്.

ചെലവ് 1165115/- ( ബിൽ നമ്പർ 1 / 23.2.16 – 1068150/- വികസന ഫണ്ട്)

ചെലവ് 96965/- ( ബിൽ നം. 8/31.03.2016 ധനകാര്യ കമ്മീഷൻ ഗ്രാന്റ്.)

തെങ്ങ് കൃഷിക്ക് വളം വിതരണത്തിനുള്ള സബ്സിഡി തുക മടവൂർ സർവ്വീസ് സഹകരണ ബാങ്കിൽ ഡി.ഡി . മുഖേന കൊടുവള്ളി എസ്.ബി.ഐയിൽ അടവാക്കിയിട്ടുണ്ട് . ഡി.ഡി യുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| തിയ്യതി | ഡി.ഡി.നമ്പർ | തുക |
|---|---|---|

| | | |
|---|---|---|
| 23.2.16 | 697486 | 1068150 |
| 6.4.16 | 699098 | 96965 |
| ആകെ | | 1165115 |

അംഗീകരിച്ച ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം (തെങ്ങൊന്നിന് 22 രൂപ ) ബാങ്കിൽ അടക്കുന്ന മുറക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സബ്സിഡി തുകയായ 44 രൂപ ( രാസവളത്തിന് 50 % വും , കുമ്മായത്തിന് 50 % വും വേപ്പിൻ പിണ്ണാക്കിന് 75 % വും )ഉൾപ്പെടെയുള്ള തുകക്ക് ( ആകെ 22+44=66 രൂപക്ക് ) ബാങ്കിൽ നിന്നും വളം നൽകുകയാണ് ചെയ്യുന്നത്.

പ്രോജക്ട് പരിശോധിച്ചതിൽ വളം വാങ്ങിയതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ഫയലില്ല. കൂടാതെ വാങ്ങിയ വളത്തിന്റെ ഗുണനിലവാരം കൃഷിഓഫീസർ പരിശോധിച്ച് ഉറപ്പുവരുത്തിയതായും കാണുന്നില്ല . അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിലാണ് വളം വാങ്ങിയതെന്നും ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയതാണെന്നും കൃഷി ഓഫീസർ നേരിട്ട് അറിയിച്ചു . പ്രസ്തുത രേഖകൾ ബാങ്കിലാണെന്നും ആയത് പരിശോധനക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-11 ഐ.സി.ഡി.എസ്-ഭക്ഷ്യ മിശ്രിതം ലാബ് റിപ്പോർട്ട് ,അംഗനവാടി സന്ദർശന റിപ്പോർട്ട് എന്നിവയില്ല.

1) ടി എച്ച് ആർ എസ് ഭക്ഷ്യ മിശ്രിതം ലാബ് റിപ്പോർട്ട് ഇല്ല.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.10.2010 ലെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010 പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ്ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൻ നിന്നും ഓരോ ബാച്ചിന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കാനും ബി.3-312/5.6.10,1.2.10 എന്നീ കത്തുകളിൽ നിർദ്ദേശിച്ചിരുന്നു.പല സാമ്പിളുകളും തൃപ്തികരമല്ല എന്ന മുൻ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത നിർദ്ദേശം നൽകിയത്.മേൽപ്പറഞ്ഞ ലാബ് പരിശോധന നടത്തിയ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ജി.ഒ.എം.എസ് 362/13 ത.സ്വ.ഭ.വ 16.11.13 12ാം പദ്ധതി മാർഗ്ഗ രേഖയിൽ അംഗനവാടി പോഷകാഹാര വിതരണം സംബന്ധിച്ച ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം അംഗനവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും ,നൽകുന്നതിന്റെ ഗുണനിലവാരവും കൂടെക്കൂടെ പരിശോധിക്കേണ്ടതുണ്ട്.ഇതിനായി വെൽഫെയർ കമ്മിറ്റിയ്ക്ക് പുറമെ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും മാസത്തിൽ ഒരു തവണയെങ്കിലും വാർഡിലെ അംഗനവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ടും പഞ്ചായത്തിൽ സമർപ്പിക്കേണ്ടതുമാണ്.അംഗനവാടികളിലെ പോഷകാഹാര വിതരണവുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ നടപടി ക്രമങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാത്തതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(11/2015-16, 18.10.2016) മറുപടി ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-12 യുനാനി മരുന്ന് വാങ്ങൽ പദ്ധതി-സറ്റോക്ക് റജിസ്റ്ററിൽ അപാകത.

മരുന്നിന്റെ സ്റ്റോക്കിലുള്ളതിനേക്കാൾ കൂടുതൽ മരുന്നുകൾ വിതരണം ചെയ്തു.അപാകതയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ :36/16, വിഭാഗം -ജനറൽ

അടങ്കൽ : 2 ലക്ഷം, ചെലവ് : 2ലക്ഷം.

നിർവഹണം :മെഡിക്കൽ ഓഫീസർ,ആയൂർവ്വേദം

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായ യുനാനി മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം രണ്ട് ലക്ഷം രൂപയുടെ മരുന്ന് ഇൻവോയ്സ് നം .362/11.8.15 പ്രകാരം പ്രണവം അസോസ്സിയേറ്റ്സ് ,മാവൂർ റോഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി അന്നുതന്നെ സ്റ്റോക്കിൽ എടുത്തിട്ടുണ്ട് .എന്നാൽ താഴെ കാണിച്ച മരുന്നുകൾ സ്റ്റോക്കിൽ ഉള്ളതിനേക്കാൾ കൂടുതൽ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | സ്റ്റോക്ക് റെജിസ്റ്റർ പേജ് നം. | മരുന്നിന്റെ പേര് | അളവ് /എണ്ണം | സ്റ്റോക്കിൽ ഉള്ള എണ്ണം/തൂക്കം | സ്റ്റോക്കിൽ നിന്ന് വിതരണം ചെയ്ത അളവ് /എണ്ണം |
|---|---|---|---|---|---|
| 1 | 73 | SAFUFCHUTKI | 2 ബോക്സ്x 1000gm | 2000 | (ഇൻഡന്റ് നം.27to 35 ) 2100 |
| 2 | 59 | MARHAMRAAL | 40X50 എണ്ണം | 2000 | (ഇൻഡന്റ് നം.27to 40 ) 2100 |
| 3 | 83 | AUJAI | 2750 | 2750 | (ഇൻഡന്റ് നം.27to 36 ) 2800 |

സ്റ്റോക്കിൽ ഉള്ളതിനേക്കാൾ കൂടുതൽ മരുന്ന് എപ്രകാരമാണ് ഇൻഡന്റ് പ്രകാരം രോഗികൾക്ക് വേണ്ടി നൽകാൻ കഴിഞ്ഞത് എന്ന് വ്യക്തമല്ല.മേൽ പറഞ്ഞവിധം സ്റ്റോക്കിൽ ഇല്ലാത്തവ എപ്രകാരം വിതരണം ചെയ്ത് അവ സ്റ്റോക്കിൽ രേഖപ്പെടുത്തി എന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/2015-16, 18.10.2016) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-13 ഐ.ആർ.സി സ്പെസിഫിക്കേഷൻ പാലിക്കാതെ റോഡ് പ്രവൃത്തി നടത്തിയത്

| | |
|---|---|
| പ്രൊജ. നം./ പേര് | 267/16 വെങ്ങപ്പറ കോളനി റോഡ് |
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| കൺവീനർ | സുബൈർ.സി.കെ |
| അടങ്കൽ | 300000/- ലോക ബാങ്ക് സഹായം |
| ചെലവ് | 300000/- (ട്രഷറി ബിൽ നം. 1/22.7.15) |
| എം.ബുക്ക് നം. | 132/14-15 |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 31 മീ.നീളത്തിൽ കല്ല് പാകിയതിന് മുകളിലായി 1:4:8 അനുപാതത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് 10cm കനത്തിലും 1:2:4 അനുപാതത്തിൽ 20mmമെറ്റലുപയോഗിച്ച് 10cm കനത്തിലും ആകെ 52 മീ. നീളത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 2012 ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ചെലവ് വിവരം താഴെ ചേർക്കുന്നു.

| എം.ബുക്ക് ഇനം | വിവരണം | പ്രവൃത്തിയുടെ അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 1. | മണ്ണ് കിളക്കൽ പ്രവൃത്തി | 52.05m3 | 2064/1m3 | 10743 |
| 2 | 40mm മെറ്റലുപയോഗിച്ച്1:4:8 സിമന്റ് കോൺക്രീറ്റ് | 17.69m3 | 5013/m3 | 88679.97 |
| 3 | 20mm മെറ്റലുപയോഗിച്ച്1:2:4 സിമന്റ് കോൺക്രീറ്റ് | 27.01m3 | 6928/m3 | 187125.28 |
| ആകെ | | | | 286548.37 |

283019/- രൂപയിൽ പരിമിതപ്പെടുത്തി ടാക്സ് ഉൾപ്പെടെ 300000/- രൂ. ചെലവഴിച്ച് റോഡ് കല്ല് പാകിയതിന് മുകളിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്നത് ഐ.ആർ.സി സ്പെസിഫിക്കേഷന് വിരുദ്ധമാണ്. കല്ല് പാകിയത് പ്രകാരം ഉപരിതലം ബലപ്പെടുത്തിയിട്ടുള്ളതിനാൽ അധികമായി കോൺക്രീറ്റ് ആവശ്യമില്ലാത്തതിനാലും കല്ലിനിടയിലെ വോയിഡ്സ് ഫലപ്രദമായി പാക്ക് ചെയ്യുന്നത് പ്രയാസവുമായതിനാൽ വാഹനങ്ങൾ കയറുമ്പോൾ പാക്കിങ്ങ് ഇളകാനും തന്മൂലം മുകളിലെ കോൺക്രീറ്റ് പൊട്ടിപ്പോകാനും സാധ്യത കൂടുതലാണ്. തദ്ദേശ ഭരണ വകുപ്പ് ചീഫ് എഞ്ചിനീയരുടെ 16.10.2012 ലെ ഡി.ബി.4/7463/2012സി.ഇ/തസ്വഭവ കത്ത് പ്രകാരം ഐ.ആർ.സി സ്പെസിഫിക്കേഷൻ പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽചേർത്ത പ്രകാരം

സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത പ്രവൃത്തി നടത്തിയത് സംബന്ധിച്ച് നല്കിയ നം.16ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 3-14 സേവാഗ്രാം പദ്ധതി -ബോർഡുകൾ സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം ഫയലില്ല.

പ്രോജക്ട് നമ്പർ 173/16

ഫണ്ട് - തനത് ഫണ്ട്

വകയിരുത്തിയത് - 1,70,000/-

ചെലവ് - ( 32900,വൗച്ചർ നമ്പർ 21500173 , 22.6.15 - 11,200/- രൂപ

വൗച്ചർ നമ്പർ 31500157 , 7.8.15 - 21,700/- രൂപ )

സേവാഗ്രാം പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ബോർഡുകൾ തയ്യാറാക്കി സേവാഗ്രാം വാർഡ് കേന്ദ്രങ്ങളിലും കൃഷി ഭവനിലും പകൽവീടിലും ബോർഡുകൾ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് . ബോർഡുകൾ തയ്യാറാക്കുന്നതിനും സ്ഥാപിക്കുന്നതിനും പ്രത്യേകം പ്രത്യേകം ക്വട്ടേഷൻ ക്ഷണിക്കുകയും ആയത് ഭരണ സമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ബോർഡുകൾ തയ്യാറാക്കുന്നതിന് 11200/- രൂപയും സ്ഥാപിക്കുന്നതിന് 21700/- രൂപയുമാണ് ചെലവായത് . ബോർഡുകൾ തയ്യാറാക്കുന്നതിന് ചെലവായ സംഖ്യയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| സ്റ്റീൽ ബോർഡ് (600 രൂപ) | 14 *600 =8400 |
| ഫ്ലക്സ് ബോർഡ് | 1800 |
| ചുമരെഴുത്ത് | 1000 |
| ആകെ | 11200 /-രൂപ |

ബോർഡുകൾ സ്ഥാപിക്കുന്നതിന് ചെലവായ സംഖ്യയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| സ്റ്റീൽ മെറ്റൽ | 800 |
| ആങ്ക്ളയർ | 250 |
| ലേബർ ചാർജ്ജ് | 500 |
| ആകെ | 21700 (1550*14) |

ബോർഡുകൾ തയ്യാറാക്കിയത് സേവാഗ്രാം വാർഡ് കേന്ദ്രങ്ങളിലും കൃഷി ഭവനിലും പകൽവീടിലും സ്ഥാപിച്ചോ എന്നത് സംബന്ധിച്ച് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിലില്ല . സാക്ഷ്യപത്രം ഫയലില്ലാത്തതിന് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക 32,900/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-15 ഐ.എ.വൈ ഭവന പദ്ധതി -വിനിയോഗ വിവരം ലഭ്യമല്ല.

2015-16 വർഷം ഐ .എ . വൈ ഭവന പദ്ധതി എന്ന പ്രോജക്ട് ( പ്രോജക്ട് നമ്പർ : 295 /16 ) നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ,കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് 6 ലക്ഷം രൂപ കൊടുവള്ളി എസ്.ബി.ഐ യിൽ നിന്നുള്ള 19.4.16 ലെ 699936 നമ്പർ ഡി.ഡി. പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകക്കുള്ള വിനിയോഗ സർഫിക്കറ്റ് പരിശോധനക്ക് ലഭ്യമല്ല. വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . വിനിയോഗ

സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവു തുക 6 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

## 3-16 ഭൂമി വാങ്ങൽ പദ്ധതി-അപാകത

പ്രോജക്ട് നംമ്പർ .184/16

നിർവ്വഹണം . അസിസ്റ്റന്റ് സെക്രട്ടറി.

വകയിരുത്തിയ തുക . 3 ലക്ഷം

ചിലവ് തുക . 1.5ലക്ഷം

താഴെ കാണിച്ച ഗുണഭോക്താവിന് ഭൂമി വാങ്ങൽ പദ്ധതി പ്രകാരം ചിലവഴിച്ച തുകയുമായി ബന്ധപ്പെട്ട -അപാകതകൾ താഴെ പറയുന്നു.

ഭൂമി വില്പന നടത്തിയവരുടെ പേര്- സുബൈദ

ഭൂമി വാങ്ങിയവരുടെ പേര്- സി.ബിജു

1) ഗ്രാമസഭ തിരഞ്ഞെടുത്ത ഗുണഭോക്താവിന് തന്നെയാണ് ലഭിച്ചത് എന്നത് വ്യക്തമാക്കുന്ന രേഖ ഫയലിലില്ല.

2) കരാർ പത്രത്തിൽ ഗുണഭോക്താവ് ഒപ്പിട്ടിട്ടില്ല.കരാർ വ്യവസ്ഥകളും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ അപാകതകൾ പിന്നീട് കണ്ടെത്തിയാൽ നിയമനടപടി സ്വീകരിക്കാൻ സാധ്യമല്ല.

3) ഭൂമി വില്പന നടത്തിയ സുബൈദ (മടവൂർ .പി.ഒ) എന്നവർക്ക് അക്കൗണ്ട് പേയി ചെക്ക് നൽകിയതായി രേഖ ഫയലിലില്ല.

4) ജി.ഒ.(എം.എസ്)362/2013 ത.സ്വ.ഭ.വ 16.11.13 ലെ സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല.

സ്ഥലത്തിനായി അപേക്ഷിക്കുന്നത് ഭാര്യയുടേയും ഭർത്താവിന്റെയും പേരിലായിരിക്കണമെന്ന് മാർഗ്ഗരേഖ നിർദ്ദേശമുണ്ട്.എന്നാൽ അപേക്ഷ തന്നെ ഫയലിലില്ല.

വാങ്ങുന്ന സ്ഥലം ഭാര്യയുടേയും ഭർത്താവിന്റെയും പേരിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട് .എന്നാൽ പ്രസ്തുത ഭൂമി ഭർത്താവായ ബിജു എന്നവരുടെ പേരിൽ മാത്രമാണ് രജിസ്റ്റർ ചെയ്തത്.(ഡോക്യുമെന്റ് നമ്പർ 3496/15 തിയ്യതി 2015 ഒക്ടോബർ 12)

സർക്കാരിന്റെ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതിനാൽ ചെലവ് തുക 1,50,000/-തടസ്സത്തിൽ വെയ്ക്കുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| കെ.ഡബ്ല്യൂ.എ | ആരാമ്പ്രം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 7/30.7.15 | 50000 | 50000 | ഇല്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

(i) വായ്പ വിനിയോഗ വിവരം

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| 1. | 15000 | ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | 15000 | ഇല്ല | വീട് നിർമ്മാണം സബ്സിഡി |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഭവന നിർമ്മാണം | ജി.ഒ.നം.533/10/ എൽ.എസ്.ജി. ഡി/ 18.2.10 | 15000 | 2142500 | 450000 | -- | 1707500 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 300/-രൂപ രശീതി നം.115031016298/26.9.15പ്രകാരം ഈടാക്കിയിട്ടുണ്ട്. (2007-08 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-8)

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 2001-02 | 26 | 2003-04 | 11(12) | വേതനവും പെൻഷനുകളും അനുവദിച്ചതിലെ അപാകതകൾ | തൊഴിൽരഹിത വേതനം, വിധവാ പെൻഷൻ ഇവ സംബന്ധിച്ച പരാമർശം ഒഴിവാക്കി. കർഷക തൊഴിലാളി പെൻഷൻ സംബന്ധിച്ചത് നിലനിൽക്കുന്നു. |
| 2000-01 | 27 | 2003-04 | പൊതുപരാമർശം 3-2 | നേതൃച്ചാലിൽ ജലസേചനപദ്ധതി (വ്യക്തികൾ വിട്ടുകൊടുക്കാത്ത ഭൂമിയിൽ നടപടികൾ പൂർത്തിയാക്കാതെ നിർമ്മാണം) | ലഭ്യമല്ല. |
| 2002-03 | 6 | 2004-05 | 11-2-1 | ടെണ്ടർ വേലകളുടെ ഗുണമേൻമ – ഗുണഭോക്തൃസമിതി രൂപീകരിച്ച് ഉറപ്പ് വരുത്തുന്നില്ല. | തടസ്സംഒഴിവക്കി. (നം.എൽ.എഫ്. എസ് 1/162/ 13(13) തീയതി: 10.04.13) |
| 2003-04 | 3-3 | 2005-06 | പൊതുപരാമർശം 1-13 | റോഡ് നിർമ്മാണ പ്രവൃത്തികൾ | ലഭ്യമല്ല. |
| 2003-04 | 3-11 | 2005-06 | പൊതുപരാമർശം 4-5 | ഭവനനിർമ്മാണം- ധനസഹായം കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല | ലഭ്യമല്ല. |
| 2003-04 | 3-1 | 2005-06 | പൊതുപരാമർശം 10 | വെള്ളക്കരം- വസ്തു കൈമാറ്റ തീരുവ- ലക്ഷങ്ങൾ ജലഅതോറി റ്റിക്ക് | ലഭ്യമല്ല. |
| 2007-08 | 3-1 | 2010-11 | | തനതുഭവ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 32939102 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45790076 |
| വരവിനങ്ങളിലുള്ള നഷ്ടം | 1120 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1357900 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 1120 | സുധ കുമാരി , ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,00,000 | ശ്രീ ഒ.സുലൈമാൻ ,സെക്രട്ടറി |
| 3-3 | 50000 | ശ്രീമതി രേഖ പി. ആനന്ദ്,അസി.എഞ്ചിനീയർ |
| 3-4 | 1,25,000 | ശ്രീ അബ്ദുൾ ഖാദർ .ടി.ഡി ,ഹെഡ് മാസ്റ്റർ |
| 3-13 | 300000 | ശ്രീമതി രേഖ പി. ആനന്ദ്,അസി.എഞ്ചിനീയർ |
| 3-14 | 32900 | ഓ.സുലൈമാൻ, സെക്രട്ടറി |
| 3-15 | 600000 | ഓ.സുലൈമാൻ, സെക്രട്ടറി |
| 3-16 | 150000 | എ.പി.രാധാകൃഷ്ണൻ, അസി. സെക്രട്ടറി |
| ആകെ | 1357900 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുധ കുമാരി , ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, മടവൂർ ഗ്രാമപഞ്ചായത്ത് | കിഴക്കെ പുറായിൽ, ഏകരൂൽ, ഉണ്ണികുളം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | നം.എൽ.എഫ്.എസ്.2/33/99/26.7.99 | 13 | |
| 2000-01 | നം.എൽ.എഫ്.കെ.കെ.ഡി.പി1/705/13/ 19.6.13 | 1 | |

| | | | |
|---|---|---|---|
| 2001-02 | നം.എൽ.എഫ്.കെ.കെ.ഡി.പി1/20(4)/09/ 18.1.11 | 3 | |
| 2002-03 | നം.എൽ.എഫ്.കെ.കെ.ഡി.പി1/809(2)/21.5.10 | 7 | |
| 2003-04 | നം.എൽ.എഫ്.കെ.കെ.ഡി.പി1/705/13(1)/ 19.6.13 | 4 | |
| 2004-05 | നം.എൽ.എഫ്.കെ.കെ.ഡി.പി1/1982/12(4)/ 18.8.12 | 2 | |
| 2006-07 | നം.എൽ.എഫ്.കെ.കെ.ഡി.പി1/1982/12(6)/ 18.8.12 | 18 | |
| 2007-08 | നം.എൽ.എഫ്.കെ.കെ.ഡി.പി1/1982/12(7)/ 5.9.12 | 20 | |
| 2008-09 | നം.എൽ.എഫ്.കെ.കെ.ഡി.പി1/1982/12(8)/ 27.8.12 | 18 | |
| 2009-10 | നം.എൽ.എഫ്.കെ.കെ.ഡി.പി1/1982/12(9)/ 27.8.12 | 6 | |
| 2010-11 | നം.എൽ.എഫ്.കെ.കെ.ഡി.പി1/84/12/29.1.13 | 31 | |
| 2011-12 | നം.എൽ.എഫ്.കെ.കെ.ഡി.പി1/899/14/ 16.10.14 | 7 | |
| 2012-13 | നം.എൽ.എഫ്.കെ.കെ.ഡി.പി1/899/14/ 16.10.14 | 4 | |
| 2013-14,2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി.1/1295/2016 | 32 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.കെ.ഡി/പി.1/1945/2016

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലം, കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012

തീയതി-05.11.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P1/1945/2016

Kerala State Audit Department
District Audit Office, Kozhikode
Phone - 0495 2371012
E-mail – dokkd.ksad@kerala.gov.in

Dated –

05.11.2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Madavoor Grama Panchayat for the year ended on 31.3.2016 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Madavoor Grama Panchayat for the year 2015-16 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.